**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2571** **12-12-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നിടപാടുകാരുടെ ഡേറ്റാബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മയക്കുമരുന്നിടപാടുകാരുടെ ഡേറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര പ്രതികളുണ്ടെന്ന് വിശദമാക്കുമോ; | (എ) | എക്സൈസ് വകുപ്പിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ട വ്യക്തികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. 2005 ജനുവരി മുതൽ 2022 നവംബർ വരെ 45380 പേർ മയക്കുമരുന്ന് കേസുകളിൽ പ്രതികളായിട്ടുണ്ട്. |
| (ബി) | ലഹരിക്കടത്ത് ആവർത്തിക്കുന്ന എത്രപേർ പട്ടികയിലുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2005 മുതൽ 2022 വരെയുള്ള ഡാറ്റ വിശകലനം ചെയ്യുമ്പോൾ 45380 പ്രതികളിൽ 2199 പേർ ഒന്നിൽ കൂടുതൽ കേസുകളിൽ പ്രതികളാണ്. |
| (സി) | ലഹരിക്കേസ് പ്രതികൾക്ക് പുറത്തിറങ്ങാൻ ഇനി കുറ്റകൃത്യം ചെയ്യില്ലെന്നുള്ള ബോണ്ട് നൽകേണ്ടതുണ്ടോ; എങ്കിൽ എത്രപേരിൽ നിന്ന് ബോണ്ട് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | എൻ.ഡി.പി.എസ്. ആക്ട്, ചട്ടം 34 പ്രകാരം ഏതെങ്കിലും ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുന്ന വ്യക്തിക്ക് അപ്പീലിനോ ജാമ്യത്തിനോ വേണ്ടി കുറ്റം ആവർത്തിക്കുകയില്ലെന്ന് 3 വർഷത്തിലധികം വരുന്ന കാലയളവിലേയ്ക്ക് ബോണ്ട് വയ്ക്കാൻ നിയമം അനുവദിക്കുന്നുണ്ട്. ശിക്ഷ വിധിക്കുന്ന കോടതികളാണ് ഇപ്രകാരം ബോണ്ട് വയ്ക്കാൻ ഉത്തരവിടേണ്ടത്. പ്രതികളിൽ നിന്നും സെക്യൂരിറ്റി ബോണ്ട് വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാൻ പ്രോസിക്യൂട്ടർ വഴി കോടതിയോട് ആവശ്യപ്പെടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ 3 പേരിൽ നിന്നും, വയനാട് ജില്ലയിൽ ഒരാളിൽ നിന്നും, തിരുവനന്തപുരം ജില്ലയിൽ 17 പേരിൽ നിന്നും ഇപ്രകാരം ബോണ്ട് വയ്ക്കുവാൻ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ